**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 346 | 28.10.2019 ൽ മറുപടിയ്ക്ക് |
|---|---|
| **സ്മാർട്ട് അംഗൻവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സ്ഥലസൗകര്യം അനുസരിച്ച് ഏകീകൃത പ്ലാനിലും എസ്റ്റിമേറ്റിലും ആധുനിക സൗകര്യങ്ങളോട്കൂടിയ സ്മാർട്ട് അംഗൻവാടികൾ നിർമ്മിക്കുന്ന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ ഏകീകൃത പ്ലാനിലും എസ്റ്റിമേറ്റിലും ആധുനിക സൗകര്യങ്ങളോടെ സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ച് വരുന്നു. വിസ്തീർണ്ണം അനുസരിച്ച് 10, 7.5, 5, 3, 3 (Slopping Terraces) 1.25 cent. എന്നിങ്ങനെ തരംതിരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി കുട്ടികളുടെ ബൗദ്ധിക വികാസത്തിന് ഊന്നൽ നൽകുന്ന Smart Anganwadi കളിലൂടെ കുട്ടികൾക്ക് അനുയോജ്യവും സന്തോഷപ്രദവുമായ അന്തരീക്ഷം ഒരുക്കുക എന്നാതാണ് ലക്ഷ്യം. വകുപ്പ് വിഹിതവും ബന്ധപ്പെട്ട പഞ്ചായത്ത്/MLA വിഹിതവും, ഉൾപ്പെടുത്തി വിവിധ അക്രഡിറ്റഡ് ഏജൻസികൾ മുഖേന കെട്ടിട നിർമ്മാണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | |
|---|---|
| ബി) പ്രസ്തുത പദ്ധതി പ്രകാരം, കെട്ടിട നിർമ്മാണത്തിനായുള്ള അംഗൻവാടികളുടെ ലിസ്റ്റ് ഇതിനകം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിലേക്ക് കൊല്ലം ജില്ലയിലെ ഇത്തിക്കര, കൊട്ടാരക്കര ബ്ലോക്കുകളിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള അംഗൻവാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | ബി) സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായുള്ള അങ്കണവാടികളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടില്ല. |

Suma

സെക്ഷൻ ഓഫീസർ